**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1579 14.07.16-ൽ മറുപടിക്ക്**

**"ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കാൻ നടപടി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ശ്രീ.റ്റി.എം.തോമസ് ഐസക് (ധനകാര്യവും, കയറും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ വഴിയും മറ്റുമായി വ്യാപകമായ തോതിലുള്ള കോഴിക്കള്ളക്കടത്ത് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനയാണ് ഉള്ളത്. ഇന്റലിജൻസ് സ്ക്വാഡുകൾ പരിശോധനയുടെ ഭാഗമായി ചെക്ക്പോസ്റ്റുകൾ ടേക്ക് ഓവർ നടത്തുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റ് പരിശോധന കഴിഞ്ഞുവരുന്ന വാഹനങ്ങൾ ഓവർ ചെക്ക് നടത്താറുമുണ്ട്. |
| (ബി) | ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകൾ ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിലൂടെ വിവിധ വകുപ്പുകൾക്ക് ഒരുമിച്ച് പരിശോധന നടത്തുവാനും കാലതാമസം ഒഴിവാക്കുവാനും സാധിക്കും. ഇന്റലിജൻസ് വിംഗുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ടേക്ക് ഓവറുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ പരിശോധന മെച്ചപ്പെടുന്നു. E-declaration നടപ്പിലാക്കിയതിനാൽ പരിശോധന വേഗത്തിൽ പൂർത്തിയാക്കാൻ സാധിയ്ക്കുന്നു. |
| (സി) | കർണ്ണാടക അതിർത്തി പ്രദേശമായ ജില്ലയിൽ റെയിൽ മാർഗ്ഗം വരുന്ന ചരക്കുകൾക്ക് നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിംഗുകൾ നിരന്തരം റെയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, റെയിൽവേ സ്റ്റേഷനുകളിൽ നിലവിൽ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**